# മധുരമായ കുട്ടികളെ - മന്മനാഭവ എന്ന വശീകരണ മന്ത്രത്തിലൂടെ മാത്രമേ നിങ്ങൾക്ക് മായയുടെമേൽ വിജയം നേടാൻ സാധിക്കുകയുള്ളു, ഈ മന്ത്രം എല്ലാവരെയും ഓർമ്മിപ്പിക്കണം

**ചോദ്യം:-** ഈ പരിധിയില്ലാത്ത ഡ്രാമയിലെ ഏറ്റവും ശക്തരായ സേവകർ ആരെല്ലാമാണ് അതും എങ്ങനെ?
**ഉത്തരം:-** ഈ പഴയ ലോകത്തിന്റെ ശുദ്ധീകരണം നടത്തുന്ന ഏറ്റവും നല്ല സേവകരാണ് പ്രകൃതിക്ഷോഭങ്ങൾ. ഭൂമി കുലുങ്ങും, വെള്ളപ്പൊക്കമുണ്ടാകും, ശുദ്ധീകരണം നടക്കും. ഇതിനായി ഭഗവാൻ ആർക്കും നിർദ്ദേശം നൽകുന്നില്ല. അച്ഛൻ എങ്ങനെ കുട്ടികളെ നശിപ്പിക്കും. ഇത് ഡ്രാമയിലെ പാർട്ടാണ്. രാവണന്റെ രാജ്യമല്ലേ, ഇതിനെ ഈശ്വരീയ ക്ഷോഭങ്ങൾ എന്നു പറയില്ല.

**ഓം ശാന്തി**. ബാബ തന്നെയാണ് കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നത്- കുട്ടികളേ, മന്മനാഭവ. അല്ലാതെ കുട്ടികൾക്ക് അച്ഛന് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കുമെന്നല്ല. ശിവബാബാ, മന്മനാഭവ എന്ന് കുട്ടികൾ പറയില്ല. കുട്ടികൾ ഇരുന്ന് പരസ്പരം സംസാരിക്കാറുണ്ട്, അഭിപ്രായം ആരായാറുണ്ട് എന്നാൽ എന്താണോ പ്രധാന മഹാമന്ത്രം, അത് ബാബ തന്നെയാണ് നൽകുന്നത്. ഗുരുക്കന്മാർ മന്ത്രം നൽകാറുണ്ട്. ഈ ആചാരം എവിടെ നിന്നാണ് ആരംഭിച്ചത്? പുതിയ സൃഷ്ടിയുടെ രചന നടത്തുന്ന ബാബ തന്നെയാണ് ഏറ്റവുമാദ്യം മന്ത്രം നൽകുന്നത് മന്മനാഭവ. ഇതിന്റെ പേരുതന്നെ വശീകരണ മന്ത്രം എന്നാണ് അർത്ഥം മായയുടെ മേൽ വിജയം പ്രാപ്തമാക്കുന്നതിനുള്ള മന്ത്രം. ഇത് ഉള്ളിൽ ജപിക്കേണ്ട ആവശ്യമൊന്നുമില്ല. ഇത് മനസ്സിലാക്കുകയാണ് വേണ്ടത്. ബാബ അർത്ഥ സഹിതം മനസ്സിലാക്കിത്തരുന്നു. തീർച്ചയായും ഗീതയിലുണ്ട് എന്നാൽ അർത്ഥം ആരും മനസ്സിലാക്കുന്നില്ല. ഇത് ഗീതയുടെ എപ്പിസോഡുകൂടിയാണ്. എന്നാൽ പേര് മാറ്റി എന്നു മാത്രം. എത്ര വലിയ വലിയ പുസ്തകങ്ങൾ ഭക്തിമാർഗ്ഗത്തിൽ നിർമ്മിക്കുന്നു. വാസ്തവത്തിൽ ഇത് വാക്കാൽ ബാബ ഇരുന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ്. ബാബയുടെ ആത്മാവിൽ ജ്ഞാനമുണ്ട്. കുട്ടികളുടേയും ആത്മാവാണ് ജ്ഞാനം ധാരണ ചെയ്യുന്നത്. ബാക്കി സഹജമായി മനസ്സിലാക്കിക്കൊടുക്കുന്നതിനായാണ് ഈ ചിത്രങ്ങളെല്ലാം നിർമ്മിച്ചിരിക്കുന്നത്. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഈ മുഴുവൻ ജ്ഞാനവുമുണ്ട്. നിങ്ങൾക്ക് അറിയാം ആദി സനാതന ദേവീദേവതാ ധർമ്മം ഉണ്ടായിരുന്നു അപ്പോൾ മറ്റൊരു ധർമ്മവും ഉണ്ടായിരുന്നില്ല. പിന്നീടാണ് ഈ ഖണ്ഡങ്ങൾ കൂടിച്ചേർന്നത്. അതിനാൽ ആ ചിത്രവും ഒരു കോണിൽ വെയ്ക്കണം. നിങ്ങൾ കാണിച്ചുകൊടുക്കുന്നു ഭാരതത്തിൽ ഇവരുടെ രാജ്യമുണ്ടായിരുന്നു അപ്പോൾ രണ്ടാമതൊരു ധർമ്മം ഉണ്ടായിരുന്നില്ല. ഇപ്പോൾ എത്ര അധികം ധർമ്മങ്ങളാണ് പിന്നീട് ഇതൊന്നും ഉണ്ടാകില്ല. ഇതാണ് ബാബയുടെ പ്ലാൻ. ആ പാവങ്ങൾക്ക് എത്ര ചിന്തയാണ്. നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നു ഇതെല്ലാം ശരിതന്നെയാണ്. എഴുതിയിട്ടുമുണ്ട് ബാബ വന്ന് ബ്രഹ്മാവിലൂടെ സ്ഥാപന ചെയ്യുന്നു. എന്തിന്റെ സ്ഥാപന? പുതിയ ലോകത്തിന്റെ. യമുനയുടെ തീരം അതാണ് തലസ്ഥാനം. അവിടെ ഒരേയൊരു ധർമ്മമേ ഉണ്ടാകൂ. വൃക്ഷത്തിന്റെ ജ്ഞാനം വളരെ ചെറുതാണ്, ഈ വൃക്ഷത്തിന്റെ ജ്ഞാനവും ബാബ തന്നെയാണ് നൽകുന്നത്. ചക്രത്തിന്റെ ജ്ഞാനം നൽകുന്നു, സത്യയുഗത്തിൽ ഒരേയൊരു ഭാഷയേ ഉണ്ടാകൂ, മറ്റു ഭാഷകളൊന്നും ഉണ്ടാകില്ല. നിങ്ങൾക്ക് സിദ്ധമാക്കാൻ സാധിക്കും ഒരേയൊരു ഭാരതമേ ഉണ്ടായിരുന്നുള്ളു, ഒരേയൊരു രാജ്യമേ ഉണ്ടായിരുന്നുള്ളു, ഒരേയൊരു ഭാഷയാണ് ഉണ്ടായിരുന്നത്. സ്വർഗ്ഗത്തിൽ സുഖവും ശാന്തിയും ഉണ്ടായിരുന്നു. ദുഃഖത്തിന്റെ പേരോ അടയാളമോ ഉണ്ടായിരുന്നില്ല. ആരോഗ്യവും സമ്പത്തും സന്തോഷവും എല്ലാം ഉണ്ടായിരുന്നു. ഭാരതം പുതിയതായിരുന്നു മാത്രമല്ല ആയുസ്സും വളരെ കൂടുതലായിരുന്നു എന്തുകൊണ്ടെന്നാൽ പവിത്രമായിരുന്നു. പവിത്രമായിരിക്കുമ്പോൾ മനുഷ്യൻ ആരോഗ്യവാനായിരിക്കും. അപവിത്രമാകുമ്പോൾ നോക്കൂ മനുഷ്യന്റെ സ്ഥിതി എന്താണെന്ന്. ഇരിക്കെ തന്നെ അകാലമൃത്യു വരിക്കുന്നു. യുവാക്കളും മരണമടയുന്നു. എത്ര ദുഃഖമുണ്ടാകുന്നു. അവിടെ അകാലമൃത്യു ഉണ്ടാകില്ല. പൂർണ്ണ ആയുസ്സ് ഉണ്ടാകും. അടുത്ത തലമുറവരെ അഥവാ വാർദ്ധക്യം വരെ ആരും മരിക്കുന്നില്ല.

ആർക്ക് മനസ്സിലാക്കിക്കൊടുക്കുമ്പോഴും ഇത് ബുദ്ധിയിൽ ഉറപ്പിച്ചുകൊടുക്കണം- പരിധിയില്ലാത്ത ബാബയെ ഓർമ്മിക്കൂ, ബാബ തന്നെയാണ് പതിതപാവനൻ, ബാബ തന്നെയാണ് സദ്ഗതി ദാതാവ്. നിങ്ങളുടെ പക്കൽ ചിത്രം ഉണ്ടായിരിക്കണം എങ്കിൽ തെളിയിച്ച് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. ഇന്നത്തെ ചിത്രം ഇതാണ്, നാളത്തെ ചിത്രം ഇതാണ്. ചിലർ നല്ലരീതിയിൽ കേൾക്കുന്നുമുണ്ട്. ഇത് മുഴുവൻ മനസ്സിലാക്കിക്കൊടുക്കണം. ഈ ഭാരതം അവിനാശീ ഖണ്ഡമാണ്. എപ്പോഴാണോ ഈ ദേവീദേവതാ ധർമ്മം ഉണ്ടായിരുന്നത് അപ്പോൾ മറ്റൊരു ധർമ്മവും ഉണ്ടായിരുന്നില്ല. ഇപ്പോൾ ആ ആദിസനാതന ദേവീദേവതാ

ധർമ്മം ഇല്ല. ഈ ലക്ഷ്മീ നാരായണന്മാർ എവിടെപ്പോയി, ആർക്കും പറയാൻ കഴിയില്ല. ആരിലും പറഞ്ഞുതരുന്നതിനുള്ള ശക്തിയില്ല. നിങ്ങൾ കുട്ടികൾക്ക് നല്ലരീതിയിൽ രഹസ്യയുക്തമായി മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. ഇതിൽ ആശയക്കുഴപ്പത്തിന്റെ കാര്യമില്ല. നിങ്ങൾക്ക് എല്ലാം അറിയാം മാത്രമല്ല ആവർത്തിക്കാനും സാധിക്കും. നിങ്ങൾക്ക് ആരോട് വേണമെങ്കിലും ചോദിക്കാം– ഇവർ എവിടെപ്പോയി? നിങ്ങളുടെ ചോദ്യം കേട്ട് അമ്പരക്കും. നിങ്ങളാണെങ്കിൽ നിശ്ചയത്തോടെ പറയുന്നു, ഇവരും 84 ജന്മങ്ങൾ എടുക്കുന്നത് എങ്ങനെയാണെന്ന്. ബുദ്ധിയിൽ ഉണ്ടല്ലോ. നിങ്ങൾ ഉടൻ പറയും സത്യയുഗമാകുന്ന പുതിയ ലോകത്തിൽ നമ്മുടെ രാജ്യമായിരുന്നു. ഒരേയൊരു ആദി സനാതന ദേവീദേവതാ ധർമ്മമായിരുന്നു. രണ്ടാമത് ഒരു ധർമ്മവും ഉണ്ടായിരുന്നില്ല. എല്ലാം പുതിയതായിരുന്നു. ഓരോ വസ്തുവും സതോപ്രധാനമായിരിക്കും. സ്വർണ്ണവും അളവില്ലാത്തത് ഉണ്ടാകും. എത്ര സഹജമായി ശേഖരിക്കുന്നുണ്ടാകും പിന്നീട് അതുകൊണ്ട് ഇഷ്ടികയും കൊട്ടാരവുമെല്ലാം നിർമ്മിക്കുന്നുണ്ടാകും. അവിടെ എല്ലാം സ്വർണ്ണത്തിന്റേതായിരിക്കും. ഖനികളെല്ലാം പുതിയതായിരിക്കില്ലേ. സത്യമായ സ്വർണ്ണം ഒരുപാട് ഉള്ളതുകൊണ്ട് ഇമിറ്റേഷനൊന്നും ഉണ്ടാകില്ല. ഇവിടെയാണെങ്കിൽ പേരിന് പോലും യഥാർത്ഥത്തിലുള്ളതില്ല. ഇമിറ്റേഷന് എത്ര ശക്തിയാണ് അതിനാലാണ് പറയുന്നത് അസത്യമായ മായ, അസത്യമായ ശരീരം... സമ്പത്തും അസത്യമാണ്. വജ്രവും മുത്തുമെല്ലാം വ്യത്യസ്ത തരത്തിലുള്ളത് ഇത്രയും ഇറങ്ങുന്നു ഇത് ഒറിജിനലാണോ അല്ലയോ എന്നത് മനസ്സിലാക്കാൻ പോലും സാധിക്കുന്നില്ല. ഇത്രയും ഷോ ഉണ്ടായിരിക്കും അതിനാൽ ഒറിജിനലാണോ അതോ ഡ്യൂപ്ലിക്കേറ്റാണോ എന്നത് തിരിച്ചറിയാൻ പോലും സാധിക്കില്ല. അവിടെ ഇങ്ങനെയുള്ള അസത്യമായ വസ്തുക്കളൊന്നും ഉണ്ടാകില്ല. വിനാശമാകുമ്പോൾ എല്ലാം ഭൂമിയ്ക്ക് അടിയിലേയ്ക്ക് പോകും. എത്ര വലിയ വലിയ കല്ലുകളും വജ്രങ്ങളും കൊണ്ടാണ് കെട്ടിടങ്ങൾ അലങ്കരിക്കുന്നത്. അതെല്ലാം എവിടെ നിന്നായിരിക്കും വന്നത്, ആരായിരിക്കും മുറിച്ചെടുത്തത്? ഇന്ത്യയിലും വളരെ അധികം വിദഗ്ദരുണ്ട്, സമർത്ഥരായിക്കൊണ്ടിരിക്കും. പിന്നീട് അവിടേയ്ക്ക് ഈ സമർത്ഥതയും കൊണ്ടല്ലേ വരിക. കിരീടം മുതലായവ വജ്രം കൊണ്ട് മാത്രമാണോ നിർമ്മിക്കുക. അത് തീർത്തും ശുദ്ധമായ സത്യമായ വജ്രമായിരിക്കും. ഈ വൈദ്യുതി, ടെലഫോൺ, കാർ മുതലായ ഒന്നും ആദ്യം ഉണ്ടായിരുന്നില്ല. ബാബയുടെ ഈ ജീവിതത്തിനിടയിൽ തന്നെ എന്തെല്ലാം വന്നു! 100 വർഷങ്ങൾക്കുള്ളിലാണ് ഇതെല്ലാം വന്നത്. അവിടെ വളരെ വിദഗ്ദരായവർ ഉണ്ടാകും. ഇപ്പോൾ വരേയ്ക്കും പഠിച്ചുകൊണ്ടിരിക്കുകയാണ്. സമർത്ഥരായിക്കൊണ്ടിരിക്കുന്നു. ഇതും കുട്ടികൾക്ക് സാക്ഷാത്ക്കാരം ചെയ്യിക്കുന്നു. അവിടെ വിമാനവും പൂർണ്ണ സുരക്ഷയുള്ളതായിരിക്കും. കുട്ടികളും വളരെ സതോപ്രധാനവും തീക്ഷ്ണ ബുദ്ധിയുള്ളവരുമായിരിക്കും. അല്പം മുന്നോട്ട് പോകവെ, നിങ്ങൾക്ക് എല്ലാം സാക്ഷാത്ക്കാരത്തിലൂടെ കാണാൻ സാധിക്കും. തന്റെ ദേശത്തിന് അടുത്തെത്തുമ്പോൾ കൊടി കാണാൻ കഴിയുമല്ലോ. ഇപ്പോൾ വീട്ടിൽ എത്തിച്ചേർന്നിരിക്കുന്നു എന്ന് ഉള്ളിൽ വളരെ അധികം സന്തോഷം ഉണ്ടാകും. ഇപ്പോൾ വന്ന് എത്തിയിരിക്കുന്നു. അവസാന സമയത്ത് നിങ്ങൾക്കും ഇങ്ങനെയുള്ള സാക്ഷാത്ക്കാരങ്ങൾ ലഭിച്ചുകൊണ്ടിരിക്കും. കുട്ടികൾ മനസ്സിലാക്കുന്നുണ്ട് ബാബ അതിസ്നേഹിയാണ്. ബാബ പരമാത്മാവാണ്. ബാബയെ എല്ലാവരും ഓർമ്മിക്കുന്നുമുണ്ട്. ഭക്തിമാർഗ്ഗത്തിൽ നിങ്ങളും പരമാത്മാവിനെ ഓർമ്മിച്ചിരുന്നില്ലേ. എന്നാൽ പരമാത്മാവ് ചെറുതാണോ അതോ വലുതാണോ എന്നൊന്നും അറിയില്ലായിരുന്നു. ഭൃകുടിക്ക് നടുവിൽ തിളങ്ങിക്കൊണ്ടിരിക്കുന്ന അത്ഭുത നക്ഷത്രം... എന്ന് പാടുമായിരുന്നു എങ്കിൽ തീർച്ചയായും ബിന്ദുരൂപത്തിലായിരിക്കില്ലേ. ആ ബാബയെ തന്നെയാണ് സുപ്രീം ആത്മാ അഥവാ പരമാത്മാവ് എന്ന് വിളിക്കുന്നത്. ബാബയിൽ എല്ലാ വിശേഷതകളുമുണ്ട്. ജ്ഞാനത്തിന്റെ സാഗരമാണ്, എന്താ ജ്ഞാനം കേൾപ്പിക്കുമോ. ബാബ എപ്പോൾ കേൾപ്പിക്കുന്നുവോ അപ്പോൾ അറിയാൻ കഴിയുമല്ലോ. എന്താ നിങ്ങൾക്കും മുമ്പ് അറിയുമായിരുന്നോ, ഭക്തി മാത്രമേ അറിയുമായിരുന്നുള്ളൂ. ഇപ്പോൾ അത്ഭുതമാണ് എന്ന് മനസ്സിലാക്കുന്നു, ആത്മാവിനെ ഈ കണ്ണുകൾ കൊണ്ട് കാണാൻ സാധിക്കില്ല അതിനാൽ ബാബയേയും മറക്കുന്നു. ഡ്രാമയിലെ പാർട്ടുതന്നെ അങ്ങനെയാണ് ആരാണോ വിശ്വത്തിന്റെ അധികാരിയായി മാറുന്നത് അവരുടെ പേരുണ്ടാകുന്നു എന്നാൽ ആരാണോ ആക്കി മാറ്റിയത് അവരുടെ പേര് മുക്കിക്കളയുന്നു. കൃഷ്ണനെ ത്രിലോകങ്ങളുടേയും നാഥൻ, വൈകുണ്ഠനാഥൻ എന്നു പറയുന്നു, അർത്ഥം ഒന്നും മനസ്സിലാക്കുന്നില്ല. കേവലം പുകഴ്ത്തിപ്പറയുന്നു. ഭക്തിമാർഗ്ഗത്തിൽ ഇരുന്ന് അനേകം കാര്യങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പറയുന്നു ഭഗവാനിൽ ഇത്രയും ശക്തിയുണ്ട്, ആയിരം സൂര്യന്മാരേക്കാൾ തേജോമയനാണ്, എല്ലാവരേയും ഭസ്മമാക്കാൻ സാധിക്കും. ഇങ്ങനെ ഇങ്ങനെയുള്ള കാര്യങ്ങൾ ഉണ്ടാക്കി. ബാബ പറയുന്നു ഞാൻ എങ്ങനെ കുട്ടികളെ കത്തിക്കും! ഇത് സാധ്യമല്ല. എന്താ കുട്ടികളെ അച്ഛൻ നശിപ്പിക്കുമോ? ഇല്ല. ഇത് ഡ്രാമയിലെ പാർട്ടാണ്. പഴയ ലോകം അവസാനിക്കണം. പഴയ ലോകത്തിന്റെ വിനാശത്തിനായി ഈ പ്രകൃതിക്ഷോഭങ്ങളെല്ലാം സേവകരാണ്. എത്ര സമർത്ഥരായ സേവകരാണ്. വിനാശം ചെയ്യൂ എന്ന് അവർക്ക് ബാബയിൽ നിന്നും നിർദ്ദേശമൊന്നും ലഭിക്കുന്നില്ല. കൊടുങ്കാറ്റ് അടിക്കുന്നു, വെള്ളപ്പൊക്കമുണ്ടാകുന്നു. ഇത് ചെയ്യൂ എന്ന് എന്താ ഭഗവാൻ പറയുമോ? ഒരിയ്ക്കലുമില്ല. ഇത് ഡ്രാമയിലുള്ള പാർട്ടാണ്.

ബോംബുകൾ ഉണ്ടാക്കൂ എന്ന് ബാബ പറയുന്നില്ല. ഇതിനെയെല്ലാം രാവണന്റെ മതം എന്നാണ് പറയുക. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയാണ്. രാവണന്റെ രാജ്യമായതിനാൽ ആസുരീയ ബുദ്ധിയുള്ളവരായി മാറുന്നു. എത്രപേരാണ് മരിക്കുന്നത്. അവസാനം എല്ലാത്തിനേയും കത്തിക്കും. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ കളിയാണ്, അതാണ് ആവർത്തിക്കപ്പെടുന്നത്. അല്ലാതെ ശങ്കരന്റെ കണ്ണുതുറന്നപ്പോൾ വിനാശമുണ്ടായി എന്നു പറയാൻ കഴിയില്ല, ഇതിനെ ഈശ്വരീയ ക്ഷോഭങ്ങൾ എന്നും പറയില്ല. ഇത് പ്രകൃതിദത്തം തന്നെയാണ്.

ഇപ്പോൾ ബാബ നിങ്ങൾ കുട്ടികൾക്ക് ശ്രീമതം നൽകുകയാണ്. ആർക്കെങ്കിലും ദുഃഖം നൽകുന്ന കാര്യമേയില്ല. ബാബ സുഖത്തിന്റെ വഴി പറഞ്ഞുതരുന്നയാളാണ്. ഡ്രാമാപ്ലാൻ അനുസരിച്ച് വീട് പഴയതാവുക തന്നെ ചെയ്യും. ബാബയും പറയുന്നു ഈ മുഴുവൻ ലോകവും പഴയതായിരിക്കുന്നു. ഇത് നശിക്കേണ്ടിയിരിക്കുന്നു. നോക്കൂ പരസ്പരം എങ്ങനെയാണ് വഴക്കടിക്കുന്നതെന്ന്! ആസുരീയ ബുദ്ധിയല്ലേ. എപ്പോൾ ഈശ്വരീയ ബുദ്ധിയാകുന്നുവോ അപ്പോൾ ആരെയെങ്കിലും ഉപദ്രവിക്കുക എന്ന കാര്യമേയില്ല. ബാബ പറയുന്നു ഞാൻ എല്ലാവരുടേയും അച്ഛനാണ്. എനിക്ക് എല്ലാവരോടും സ്നേഹമുണ്ട്. ബാബ നോക്കുന്നത് ഇവിടേയ്ക്കാണ് പിന്നീട് ആരാണോ ബാബയെ വളരെ സ്നേഹത്തോടെ ഓർമ്മിക്കുന്നത് അങ്ങനെയുള്ള അനന്യരായ കുട്ടികളുടെ നേർക്കാണ് ദൃഷ്ടി പോകുന്നത്. സേവനം ചെയ്യുന്നുണ്ട്. ഇവിടെ ഇരുന്നുകൊണ്ട് ബാബയുടെ ദൃഷ്ടി സർവ്വീസബിളായ കുട്ടികളുടെ നേരെ പോകുന്നു. ചിലപ്പോൾ ഡെറാഡൂൺ, ചിലപ്പോൾ മീററ്റ്, ചിലപ്പോൾ ഡെൽഹി..... ഏത് കുട്ടികളാണോ എന്നെ ഓർമ്മിക്കുന്നത് അവരെ ഞാനും ഓർമ്മിക്കുന്നു. ആരെങ്കിലും എന്നെ ഓർമ്മിക്കുന്നില്ലെങ്കിലും ഞാൻ എല്ലാവരേയും ഓർമ്മിക്കുന്നു എന്തുകൊണ്ടെന്നാൽ എനിക്ക് എല്ലാവരേയും കൂടെക്കൊണ്ടുപോകണമല്ലോ. ബാക്കി, ആരാണോ എന്നിലൂടെ സൃഷ്ടി ചക്രത്തിന്റെ ജ്ഞാനം മനസ്സിലാക്കുന്നത് അവർ നമ്പർവൈസായി ഉയർന്ന പദവി നേടും. ഇത് പരിധിയില്ലാത്ത കാര്യമാണ്. ലോകത്തിലുള്ള ടീച്ചർ പരിധിയുള്ളതാണ്. ബാബ പരിധിയില്ലാത്തതാണ്. അപ്പോൾ കുട്ടികളുടെ ഉള്ളിൽ എത്ര സന്തോഷം ഉണ്ടായിരിക്കണം. ബാബ പറയുന്നു എല്ലാവരുടേയും പാർട്ട് ഒരുപോലെയായിരിക്കില്ല, ഇദ്ദേഹത്തിന് പാർട്ടുണ്ടായിരുന്നു. എന്നാൽ ഫോളോ ചെയ്യുന്നവർ കോടികളിൽ ചിലരേ വരൂ. പറയുന്നു– ബാബാ, ഞാൻ 7 ദിവസമായ കുട്ടിയാണ്, ഒരു ദിവസത്തെ കുട്ടിയാണ്. എങ്കിൽ ചെറിയ കുട്ടിയല്ലേ. അതിനാൽ ബാബ ഓരോ കാര്യങ്ങളും മനസ്സിലാക്കിത്തരുന്നു. തീർച്ചയായും നദിയും കടന്നാണ് വന്നത്. ബാബ വന്നതുമുതലാണ് ജ്ഞാനം ആരംഭിച്ചത്. ബാബയ്ക്ക് എത്ര മഹിമയാണ്. ആ ഗീതയുടെ അധ്യയനം നിങ്ങൾ ജന്മ ജന്മാന്തരങ്ങളായി എത്ര തവണ ചെയ്തിട്ടുണ്ടാകും. നോക്കൂ എത്ര വ്യത്യാസമുണ്ടെന്ന്. കൃഷ്ണ ഭഗവാനുവാച എവിടെ, ശിവ പരമാത്മാനുവാച എവിടെ. രാത്രിയും പകലും തമ്മിലുള്ള അന്തരമുണ്ട്. നിങ്ങളുടെ ബുദ്ധിയിൽ ഇപ്പോഴുണ്ട് ഞങ്ങൾ സത്യഖണ്ഡത്തിലായിരുന്നു, സുഖവും ധാരാളം കണ്ടു. മുക്കാൽ ഭാഗം സുഖം കണ്ടു. ബാബ ഡ്രാമ നിർമ്മിച്ചത് സുഖത്തിനുവേണ്ടിയാണ്, അല്ലാതെ ദുഃഖത്തിനു വേണ്ടിയല്ല. ഇത് പിന്നീടാണ് നിങ്ങൾക്ക് ദുഃഖം ലഭിച്ചത്. യുദ്ധം അത്ര പെട്ടെന്ന് ഉണ്ടാകില്ല. നിങ്ങൾക്ക് വളരെ അധികം സുഖം ലഭിക്കുന്നു. പകുതി പകുതിയാണെങ്കിൽ പോലും ഇത്രയ്ക്ക് രസമുണ്ടാകില്ല. 3500 വർഷത്തേയ്ക്ക് ഒരു യുദ്ധവും ഉണ്ടാകില്ല. അസുഖം മുതലായവ ഇല്ല. ഇവിടെയാണെങ്കിൽ നോക്കൂ അസുഖങ്ങൾക്ക് പിന്നാലെ അസുഖങ്ങൾ വന്നുകൊണ്ടിരിക്കുന്നു. സത്യയുഗത്തിൽ ധാന്യങ്ങൾ മുഴുവൻ തിന്നു നശിപ്പിക്കുന്ന കീടങ്ങളൊന്നും ഉണ്ടാകില്ല അതിനാലാണ് അതിന് സ്വർഗ്ഗം എന്ന് പേരുവെച്ചിരിക്കുന്നത്. അതിനാൽ ലോകത്തിന്റെ ചിത്രം നിങ്ങൾ കാണിച്ചുകൊടുക്കണം അപ്പോൾ മനസ്സിലാക്കും. യഥാർത്ഥത്തിൽ ഭാരതം ഇതായിരുന്നു, മറ്റൊരു ധർമ്മവും ഉണ്ടായിരുന്നില്ല. പിന്നീട് നമ്പർവൈസായി ധർമ്മസ്ഥാപകർ വന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഭൂമിയുടെ ചരിത്രവും ഭൂമിശാസ്ത്രവും അറിയാം. നിങ്ങൾ ഒഴിച്ച് ബാക്കി എല്ലാവരും അറിയില്ല അറിയില്ല എന്നു പറയും, ഞങ്ങൾക്ക് ബാബയെ അറിയില്ല. ഭഗവാന് ഒരു പേരോ, രൂപമോ, കാലമോ ദേശമോ ഒന്നുമില്ല എന്നു പറയും. നാമവും രൂപവും ഇല്ലെങ്കിൽ പിന്നെ ഒരു ദേശവും ഉണ്ടാകില്ല. ഒന്നും മനസ്സിലാക്കുന്നില്ല. ഇപ്പോൾ ബാബ തന്റെ യഥാർത്ഥ പരിചയം നിങ്ങൾ കുട്ടികൾക്ക് നൽകുകയാണ്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) സദാ അപാരമായ സന്തോഷത്തിൽ ഇരിക്കുന്നതിനായി പരിധിയില്ലാത്ത ബാബ കേൾപ്പിക്കുന്ന പരിധിയില്ലാത്ത കാര്യങ്ങളെ സ്മരിക്കണം മാത്രമല്ല ബാബയെ ഫോളോ ചെയ്തുകൊണ്ട് മുന്നോട്ടുപോകണം.

2) സദാ ആരോഗ്യവാനായി ഇരിക്കുന്നതിനായി പവിത്രതയെ സ്വായത്തമാക്കണം. പവിത്രതയുടെ ആധാരത്തിലൂടെ ആരോഗ്യം, സമ്പത്ത്, സന്തോഷം എന്നീ ആസ്തികൾ ബാബയിൽ നിന്നും നേടണം.

## വരദാനം:- സർവ്വപ്രാപ്തികളെയും സ്മൃതിയിൽ കൊണ്ടുവന്ന് സദാ സമ്പന്നരായിരിക്കുന്ന സന്തുഷ്ടാത്മാവായി ഭവിക്കട്ടെ.

സംഗമയുഗത്തിൽ ബാപ്ദാദയിലൂടെ എന്തെല്ലാം പ്രാപ്തികൾ ലഭിച്ചുവോ അവയുടെ സ്മൃതി എമർജായിക്കൊണ്ടിരിക്കണം. എങ്കിൽ പ്രാപ്തികളുടെ സന്തോഷം ഒരിക്കലും താഴോട്ട് ചാഞ്ചാടുകയില്ല. സദാ അചഞ്ചലമായിരിക്കും. സമ്പന്നത അചഞ്ചലരാക്കും, ചാഞ്ചാട്ടത്തിൽ നിന്ന് മുക്തമാക്കും. ആര് സർവ്വ പ്രാപ്തികള്ലും സമ്പന്നരാണോ അവർ സദാ തൃപ്തരും സന്തുഷ്ടരുമായിരിക്കും. സന്തുഷ്ടത ഏറ്റവും വലിയ ഖജനാവാണ്. ആർക്ക് സന്തുഷ്ടതയുണ്ടോ അവരുടെ കൈവശം എല്ലാമുണ്ട്. അവർ ഈ ഗീതം പാടിക്കൊണ്ടേയിരിക്കും നേടേണ്ടത് എന്താണോ അത് നേടിക്കഴിഞ്ഞു.

## സ്ലോഗൻ:- പ്രേമത്തിന്റെ ഊഞ്ഞാലിൽ ആടിക്കൊണ്ടിരിക്കൂ എങ്കിൽ പ്രയത്നത്തിൽ നിന്നും താനേ മുക്തമാകും.